**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.അമർ കൃഷ്ണൻ.യു-ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ(സാധാ) നമ്പർ.286/2018/തസ്വഭവ — തിരുവനന്തപുരം, തീയതി.31.01.2018

---

പരാമർശം: 1) ശ്രീ.അമർ കൃഷ്ണൻ.യു-ന്റെ 06.12.2017 ലെ ശൂന്യവേതനാവധിയപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 28.02.2017 ലെ ഇ 5-44043/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.അമർ കൃഷ്ണൻ.യു-ന് ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് ആക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ യിൽ ചാർട്ടേഡ് അക്കൗണ്ടൻസി കോഴ്സ് പൂർത്തിയാക്കുന്നതിനായി ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ.അമർ കൃഷ്ണൻ.യു, 12.07.2007 ൽ ക്ളാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാന് ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് ആക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ യിൽ ചാർട്ടേഡ് അക്കൗണ്ടൻസി കോഴ്സ് പൂർത്തിയാക്കുന്നതിനായി 01.02.2018 മുതൽ 28.02.2021 വരെ പഠനാവശ്യത്തിനായുള്ള ശൂന്യവേതനാവധിയ്ക്കായാണ് അപേക്ഷിച്ചിട്ടുള്ളത്. ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് ആക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യയിലെ അസോസിയേറ്റ്സ് നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ശ്രീ.അമർ കൃഷ്ണൻ.യു സേവനത്തിൽ പ്രവേശിച്ചിട്ട് 3 വർഷക്കാലയളവ് പൂർത്തീകരിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.അമർ കൃഷ്ണൻ.യു-ന് ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് ആക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ യിൽ ചാർട്ടേഡ് അക്കൗണ്ടൻസി കോഴ്സ് പൂർത്തിയാക്കുന്നതിനായി 01.02.2018 മുതൽ 28.02.2021 വരെ കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം ടി കാലയളവ് പെൻഷൻ, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത് വി.പി**

**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

ശ്രീ.അമർ കൃഷ്ണൻ.യു, സീനിയർ ക്ളാർക്ക്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

ധനവകുപ്പിന് (27.01.2018 ലെ RULES-B2/722662/2018/ധന നമ്പർ കുറിപ്പ് പ്രകാരം).

വെബ് ആൻഡ് ന്യൂ മീഡിയ(I&PRD).

ഡയറക്ടർ ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്).

ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/10/18/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ